കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)379/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി: 25.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)379/2020 തിയ്യതി: 25.05.2020

## തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-10-2018 മുതൽ 23-02-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-02-2020 മുതൽ 03-03-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശശിഭൂഷണൻ.ഇ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | സുനിൽ.പി.ബി. അസി.ഓഡിറ്റ് ഓഫീസർ |
| | സ്റ്റാൻലി.പി.എസ്. അസി.ഓഡിറ്റ് ഓഫീസർ |
| | ജോയ്സൺ.സി.ജെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബിന്ദു ബെന്നി | 01/04/2018 മുതൽ 31/03/2019 വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീമതി.മിനിചന്ദ് ആർ | 01/04/2018 മുതൽ 05/07/2018 FN വരെ |
| | ശ്രീ.വി.വി.രാജീവ്. | 05-07-2018 AN മുതൽ |

| | | |
|---|---|---|
| | | 21-09-2018 വരെ |
| | ശ്രീ. മനോജ്.പി.എൻ അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 22-09-2018 മുതൽ 30-09-2018 വരെ |
| | ശ്രീ.വി.വി.രാജീവ് | 01-10-2018 മുതൽ 09-10-2018 വരെ |
| | ശ്രീ.സുധാകരൻ.സി. | 10-10-2018 മുതൽ 31/03/2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | രേഖ സി ആർ | 01-04-2018 മുതൽ 12-11-2018 വരെ |
| | ശ്രീരേഖ. എൽ. | 13-11-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.കെ.രാജീവ് | 01-04.2018 മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ശ്രീരാജ്.വി. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബിന്ദു.പി.നായർ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.പ്രശാന്ത് എ എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനൂജ അലക്സ് | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ ( പൂമല സർക്കിൾ) | ശ്രീ.ദീപക് പി ഗോകുൽ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (കിള്ളന്നൂർ സർക്കിൾ) | ശ്രീമതി.ഷീജ.പി.ടി. | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.അനിത.ടി.സി | 01.04.2018 മുതൽ 21-05-2018 വരെ |
| | | 22-05-2018 മുതൽ 24-06-2018 വരെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു |
| | ശ്രീ.മനോജ്.പി.എൻ. | 25-06-2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.അശ്വതി.ഇ.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ | ശ്രീമതി.സുഷമ.സി.വി. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഓഫീസർ | | |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 12 | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല | 1-12 |
| 13 | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി - പൊതു അപാകതകൾ | 1-13 |
| 14 | കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ നൽകി. | 1-14 |
| 15 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു അപാകത പരിഹരിക്കേണ്ടതാണ് | 1-15 |
| 16 | ഐ.സി.ഡി.എസ് . സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 1-16 |
| 17 | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി, പൂമല നിർവഹണോദ്യോഗസ്ഥനായ പദ്ധതി നടപ്പാക്കിയില്ല. | 1-17 |
| 18 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - വാഹന | 1-18 |

| | | |
|---|---|---|
| | വാടക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് | |
| 19 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം. | 1-20 |
| 21 | ക്ഷീരകർഷകർക്ക് അർഹതപ്പെട്ട മുഴുവൻ സബ്സിഡിയും ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 22 | ലൈഫ് പദ്ധതിയിൽ SC പദ്ധതിക്കായി നീക്കിവച്ച മുഴുവൻ പണവും ചെലവഴിച്ചിട്ടില്ല. | 1-22 |
| 23 | പൊതു മരാമത്ത് പ്രവർത്തനങ്ങൾ - അവലോകനം | 1-23 |
| | ഭാഗം-2 | |
| | പരാമർശങ്ങളില്ല | |
| | ഭാഗം-3 | |
| 24 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - വാഹന വാടക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| | ഭാഗം – 4 | |
| 25 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 35 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 37 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം –2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| തീരുമാന നമ്പർ | 1(1) |
|---|---|
| തിയതി | 26/03/2018 |
| വരവ് | 12,07,99,532 |
| ചെലവ് | 11,10,97,226 |
| പുതുക്കിയ തീയതി | 14-02-2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 16-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | 69,97,456.30 |
|---|---|
| വരവ് | 6,97,03,694-00 |
| ആകെ | 76,701,150.30 |
| ചെലവ് | 5,99,76,580-00 |
| നീക്കിയിരിപ്പ് | 1,67,24,570.3 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 12842000 | 12842000 | 10755101 | 2086899 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4846000 | 4846000 | 4846000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR | | 73000 | 73000 | 73000 | |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 15045000 | 15045000 | 15036588 | 8412 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2780000 | 2780000 | 2754475 | 25525 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 5960000 | 5960000 | 3819548 | 2140452 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 72444756 | 169 | 42982074 | 64 | 0 | 72.53% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9448 | 324274 | 333722 | 330774 | 2948 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 11489673 | 11489673 | 11489673 | - |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 155400 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 3170400 | 237 |
| വിധവാപെൻഷൻ | 10951300 | 822 |
| വാർദ്ധക്യകാലപെൻഷൻ | 15482200 | 1075 |
| വികലാംഗപെൻഷൻ | 2020900 | 214 |
| അവിവാഹിത പെൻഷൻ | 1388600 | 107 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-02-2020ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ₹19,673/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

08/03/2017 ലെ പൊതു ഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ നികുതി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം ഉയർത്തിയിട്ടുണ്ടെങ്കിലും, 2017-18, 2018-19 വർഷങ്ങളിൽ പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കാനുള്ള പുതിയ വരുമാന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തി കാണുന്നില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസം തോറും ചേർന്ന് വരവ്- ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

19/02/2018 ലെ പൊതു ഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള തീരുമാനമെടുക്കുകയും വിവിധ ഭാഗങ്ങളിലെ നികുതി പിരിവ് പുരോഗതിയെപ്പറ്റി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതിയിലെ ഡിമാന്റ് കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുത്താത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെടാതെ ഇപ്പോഴും അവശേഷിക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ തനത് ഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതും വെള്ളക്കരം ഇനത്തിൽ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിന്റെ 4 വോള്യം ഓഡിറ്റിന് ഹാജരാക്കി. എന്നാൽ ആയത് പൂർണമല്ല, മാത്രമല്ല സാക്ഷ്യപ്പെടുത്തലുകളും ഇല്ല. ആസ്തി രജിസ്റ്ററിൽ, സ്ഥാപനം നാളിത് വരെ ആർജ്ജിച്ച മുഴുവൻ ആസ്തികളും രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി, സ്ഥാപന മേധാവിയോ ആയതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പദ്ധതികളുടെ മിക്ക ഫയലുകളിലും മോണിറ്ററിംഗ് റിപ്പോർട്ട് ചേർത്തിട്ടില്ല. പദ്ധതി പൂർത്തീകരിക്കുമ്പോൾ മോണിറ്ററിംഗ് സമിതി

അവലോകനം നടത്തേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-02-20 | 01-10-19 മുതൽ 31-12-2019 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/04/2011 | 2006-07 മുതൽ 2010-11 വരെ | 12/05/2011 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2041612 | 1740466 | 316642 | 30578 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2041612 | 1834376 | 270568 | 32224 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2116571 | 1897161 | 93615 | 156367 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2116571 | 1768392 | 63043 | 156367 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 165247 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 157378 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് |

| | | | | |
|---|---|---|---|---|
| | | | | തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 625233 | 548067 | 97462 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 726759 | 579559 | 97462 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (362592+400505/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (10288/105X100)=..97988 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1021706 | 536536 | 488817 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2535635 | 525054 | 488817 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(520894/105X100)= 496090 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരി | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ | കുടി | ആകെ | തൻ | കുടി | ആകെ | | | തൻ | കുടി | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | വർഷം | ശ്ലിക | | വർഷം | ശ്ലിക | | ച്ചത് | | വർഷം | ശ്ലിക | |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 104856 | 33389 | | 88366 | 27914 | | 15535 | - | 1646 | 5425 | |
| | നോൺ-റെസിഡൻഷ്യൽ | 107858 | 59040 | | 95104 | 26934 | | 93348 | | 8880 | 32077 | |
| | ആകെ | 212714 | 92429 | | 183470 | 54848 | | 108883 | | 10526 | 37502 | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 166409 | | | 240226 | | | - | - | 48028 | | |
| | | | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 30/3/2019 ൽ ക്രമീകരിക്കാൻ വസ്തുനികുതി ഇനത്തിൽ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 27097 | 446874 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 5659 | 154120 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 160 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ

രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 240226 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 238318 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.8 “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 127489 | 297665 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 59080 | 68702 |

2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 1494712.രൂപ എഴുതിതള്ളിയതായി കാണുന്നു. ഇപ്രകാരം കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 41800220 | 31.03.2019 | 101527 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 41800228 | 31.03.2019 | 1393185 |

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രിക മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (...... കെട്ടിടങ്ങൾ) | 130100101-Rent from Building | 625236 | 30.8.18 | 41800262 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 257582 |
| 280100104-Prior period income-Property tax on non residential buildings | 1427739 |
| 280100102-Prior period income-profession tax | (7860) |
| 280100105-Prior period income-servicecess on residential buildings | 10047 |
| 280100106-Prior period-servicecess on nonresidential buildings | 264265 |
| 280200401-Prior period- other incomes | (3360) |
| 280800701-miscellaneous expences | 29608 |

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9727114 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7706263.രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11a) എന്ന ശീർഷകത്തിലെ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രീതിയിൽ അല്ല അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് കണക്കാക്കുന്നതിനായി തയ്യാറാക്കിയ വർക്ക് ഷീറ്റിൽ പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല.

8.ഡിപ്രീസിയേഷൻ കണക്കാക്കുന്നതിനായി തയ്യാറാക്കിയ വർക്ക് ഷീറ്റിൽ 31.3.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ 31.3.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ ആയ ആസ്തിമൂല്യം മുഴുവൻ ഉൾക്കൊള്ളിച്ചിട്ടില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. അക്കൗണ്ട്സ് പ്രകാരം 77711രൂപ മുന്നിരിപ്പും നീക്കിയിരിപ്പും കാണുന്നു. എന്നാൽ ലെഡ്ജറിൽ മുന്നിരിപ്പും നീക്കിയിരിപ്പും ചേർത്തിട്ടില്ല.

10. Sale of tender forms(150110101) ഇനത്തിൽ 195298 രൂപ അക്കൗണ്ട്സ് പ്രകാരം വരവുണ്ട്.ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

11.ഷെഡ്യൂൾ ബി-14 പ്രകാരം closing stock -stores എന്ന ശീർഷകത്തിൽ സ്റ്റോറുകളുടെ മൂല്യമായി കാണിച്ചിരിക്കുന്നത് 21824രൂപയാണ്. എന്നാൽ ഈ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്ററോ സ്റ്റോക്ക് റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല.

12.Advance to implementing officers എന്ന ശീർഷകത്തിൽ 112183രൂപ മുന്നിരിപ്പും നീക്കിയിരിപ്പും ഉണ്ട്. ആയത് നാളിതു വരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

13. കാലഹരണപ്പെട്ട ചെക്കുകൾ liability -stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

# 1-12 സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

1.മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1054 താമസേതര കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നു.ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 291 സ്ഥാപനങ്ങളാണ് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്.2017-18 സാമ്പത്തിക വർഷത്തിൽ 328 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്.അതായത് 37 സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.272 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്.2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തവരുമായി താരതമ്യപ്പെടുത്തുമ്പോൾ 56 സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതുമൂലം എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നുള്ള വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയിട്ടുള്ളത് 97% ആണ്.മെബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക മാത്രമാണ് അടവാക്കാനുള്ളത്.വാക്കൻസി റമിഷൻ അനുവദിച്ചവ പത്തിൽ താഴെയാണ്. അതായത് എല്ലാ താമസേതര കെട്ടിടങ്ങളും വസ്തുനികുതി അടവാക്കുന്നു.ഇതിൽ നിന്നും അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്നില്ല. ഡി&ഒ ലൈസൻസ് എടുക്കാത്തതുമൂലം തൊഴിൽനികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കുന്നില്ല .ഇതുമൂലം ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തിന് തനതു വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.ആയതിനാൽ ഓരോ വാർഡിലെയും സ്ഥാപനങ്ങൾ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും,അനധികൃതമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്
2.മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കോഴി ഫാമുകളുടെ എണ്ണം 1 ആണ്.ലൈസൻസ് എടുക്കുന്നവരുടെ എണ്ണം പത്തിൽ താഴെ വരും.ഈ വൈരുദ്ധ്യം പരിഹരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ പൂമല പോലെയുള്ള പ്രദേശങ്ങളിൽ അനധികൃതമായി ഫാമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ഫാമുകളുടെ വിവരം ഫീൽഡ് പരിശോധന നടത്തി, വസ്തുനികുതി നിർണ്ണയിച്ച് ,ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി - പൊതു അപാകതകൾ

1.2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വർക്കുകൾ എറ്റെടുത്ത് നടത്തിയിരുന്ന കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/2.3.20 നൽകി,അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

2.2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്ര നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ | I,II |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/2.3.20 നൽകി,അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

3.2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നുഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/2.3.20 നൽകി,അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

| ക്ര നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | BSNL | I,II |
| 2 | കെ.ജെ വാസുദേവൻ നായർ ഗ്രാനൈറ്റ്സ്,തടപ്പറമ്പ് | I,II |
| 3. | പറമ്പായ് കോപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് | I,II |

# 1-14 കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ നൽകി.

1.പെർമിറ്റ് നം.എ3-ബിഎ(100935)/18 തി.24.5.18 പ്രകാരം ശ്രീ.അബ്ദുൾ ഗഫൂർ & ശ്രീമതി.രഹന,പുത്തൻപുരയിൽ വീട്,മുതുവട്ടൂർ,ഗുരുവായൂർ എന്നവരുടെ 1105.03 ച.മീ(താഴത്തെനില 344.56ച.മീ,ഒന്നാംനില 370.91ച.മീ,രണ്ടാംനില 370.91ച.മീ) വിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള കെട്ടിടം 2018-19 സാമ്പത്തിക വർഷത്തിൽ ക്രമവതിക്കരിച്ചിട്ടുണ്ട്.ഈ കെട്ടിടത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.പെർമിറ്റ് പ്രകാരം പ്ലോട്ട് വിസ്തീർണ്ണം 625 ച.മീറ്ററാണ്. ഈ കെട്ടിത്തിന്റെ കവറേജ് 59.35% ആണ്.കെ.പി.ബി.ആർ ചട്ടപ്രകാരം നിർമ്മാണം 300 ച.മീറ്ററിന് മുകളിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കാറ്റഗറി II ഗ്രാമപഞ്ചായത്തിൽ അനുവദനീയമായ കവറേജ് 55% ആണ്.ചട്ട ലംഘനമുള്ള ഈ കെട്ടിടം ക്രമവത്ക്കരിച്ച് നമ്പർ നൽകിയിട്ടുണ്ട്.

2.കെ.എം.ബി.ആർ 99 റൂൾ 56(3ജെ)പ്രകാരം കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണം 1000 ച.മീ അധികരിക്കുന്നതോ അല്ലെങ്കിൽ കെട്ടിടം 15 മീറ്ററിൽ അധികരിക്കുന്നതോ ആയ കെട്ടിടങ്ങൾക്ക് അഗ്നിശമന സേനാ ഡയറക്ടർ/ ചുമതലപ്പെടുത്തിയ വ്യക്തി എന്നവരിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമാണ്.മുകളിൽ പ്രസ്താവിച്ച കെട്ടിടം ക്രമവതിക്കരിച്ചപ്പോൾ അഗ്നിശമന സേനാ ഡയറക്ടർ/ചുമതലപ്പെടുത്തിയ വ്യക്തി എന്നവരിൽ നിന്നും നിരാക്ഷേപപത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/(3/3/20) നൽകിയെങ്കിലും മറുപടിയൊന്നും

ലഭ്യമാക്കിയില്ല.ആയതിനാൽ ഈ കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള ക്രമവത്ക്കരണ പെർമിറ്റ്,കെട്ടിട നമ്പറുകൾ എന്നിവ റദ്ദ് ചെയ്യേണ്ടതും,ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു അപാകത പരിഹരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ 2026.66 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ,കെട്ടിട നം X/17A നൽകി , വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.ഹോസ്റ്റൽ ആവശ്യത്തിനാണ് ഈ കെട്ടിടം ഉപയോഗിച്ചു വരുന്നത്.കെട്ടിടം വസ്തുനികുതി നിർണ്ണയിച്ചപ്പോൾ താമസാവശ്യത്തിനുള്ള അടിസ്ഥാന വസ്തു നികുതി നിരക്കായ 5/-രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.യഥാർത്ഥത്തിൽ സ്വകാര്യ ഹോസ്റ്റൽ,ഹോ സ്റ്റേ എന്നിവയ്ക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 30/- രൂപയാണ്.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/3.3.20നൽകി,സ്വകാര്യ ഹോസ്റ്റൽ അല്ലാത്തതിനാൽ പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി നിരക്കാണ് നൽകിയതെന്നാണ് മറുപടി നൽകിയത്.ആയതിനാൽ തെറ്റായി നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്

# 1-16 ഐ.സി.ഡി.എസ് . സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

a) ഐ .സി.ഡി.എസ് . സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഉത്തരവുകൾ, തുക ലഭിച്ചവരിൽ നിന്ന് ആയത് സംബന്ധിച്ച രേഖകൾ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നവ ഹാജരാക്കിയില്ല.

